ഈ ഗവൺമെൻറിന്റെ നയം തന്നെ അതാണ്. അതുകൊണ്ടുതന്നെ ഇപ്പോഴും കേരളത്തിൽ 246-ഓളം ആശുപത്രികളെ ബേബി ഫ്രണ്ട്ലി ആശുപത്രികളായിട്ട് അംഗീകരിച്ചിട്ടുണ്ട്. 1997-ഓടുകൂടി ആയിരം ബേബി ഫ്രണ്ടഡ്ലി ആശുപത്രികളും കൂടി ഈ സംസ്ഥാനത്തുണ്ടാവും നമ്മുടെ സംസ്ഥാനത്തെ ആയിരം ആശുപത്രികളെക്കൂടി 1997-ാം മാണ്ടോടുകൂടി ബേബി ഫ്രണ്ട്ലി ആശുപത്രികളായിട്ട് പ്രഖ്യാപിക്കാൻ. സാധിക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് ഇത് ഒരു നയമായിട്ടു തന്നെ അംഗീകരിച്ചുകൊണ്ട് ഗവൺമെൻറ് മുന്നോട്ടുപോവുകയാണ്. ഇക്കാര്യത്തിൽ ഗവൺമെൻറിനോടൊപ്പം എല്ലാവരുംകൂടി സഹകരിക്കുകയാണെങ്കിൽ നമുക്ക് കുറെ അൽഭുതകരമായ മാറ്റങ്ങളുതന്നെ ഉണ്ടാക്കാൻ സാധിക്കും.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീരകവും വാറൽമുളകും വാങ്ങിയതിലെ ക്രമക്കേടുകൾ

* 2 [71] ശ്രീമതി എൽ. കെ. രാധ:
ശ്രീ. എസ്. ശർമ്മ:
,, ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-92-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീരകവും വാറൽമുളകും വാങ്ങിയതിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഗവൺമെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ രണ്ട് ഇടപാടിലുംകൂടി സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ക്രമക്കേടിന് ഉത്തരവാദികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്തുമോ;

(ഇ) ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇവരിൽനിന്നും നഷ്ടം ഈടാക്കുന്നതിനും ഇവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഉണ്ട്.

(ബി) 1991 ഡിസംബറിൽ വാറൽമുളക് വാങ്ങുന്നതിനുമുൻപും 1992-ൽ ഓഗസ്റ്റിൽ ജീരകം വാങ്ങുന്നതിനുമുൻപും അവരുടെ ആവശ്യകത തിട്ടപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് പിശകുപറ്റിയിട്ടുണ്ടെന്നാണ് അന്വേഷണ റിപ്പോർട്ടിലെ പൊതുവായ നിഗമനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1991-ൽ വാങ്ങിയ വറൽമുളക് വിറ്റ വകയിലും 1992-ൽ വാങ്ങിയ ജീരകം വിറ്റ വകയിലും പ്രത്യേകമായി ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

(ഡി) 1991-ൽ വറൽമുളക് വാങ്ങിയപ്പോഴും 1992-ൽ ജീരകം വാങ്ങിയപ്പോഴും അവയുടെ ആവശ്യകത തിട്ടപ്പെടുത്തുന്നതിൽ പിശക് സംഭവിച്ചതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 1991-92 കൊല്ലത്തെ കോർപ്പറേഷൻ എം. ഡി., ജനറൽ മാനേജർ, അഡീഷണൽ ജനറൽ മാനേജർ, കമ്പനി സെക്രട്ടറി, മാനേജർ (ഡി.പി.സി.) എന്നീ ഉദ്യോഗസ്ഥൻമാരാണ് അതിനുത്തരവാദികളായി കണ്ടെത്തിയിട്ടുള്ളത്.

(ഇ) ഇവരെ താക്കീത് ചെയ്തിട്ടുണ്ട്.

(എഫ്) അവർക്കെതിരെ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾക്കപ്പുറം എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

ശ്രീമതി എൻ. കെ. രാധ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് താക്കീത് നൽകിയിട്ടുണ്ടെന്നാണ്. ജീരകം, വറൽമുളക് ഇടപാട് നടത്തിയ വകയിൽ 43·4 ലക്ഷം രൂപയുടെ നഷ്ടമാണ് ഇവർ വരുത്തിവച്ചിരിക്കുന്നതെന്ന് ഇവിടെ പറഞ്ഞല്ലോ, എന്നാൽ അവർക്ക് താക്കീത് നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. ഇത്തരത്തിലുള്ള കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥൻമാരെ ഗവൺമെൻറ് തന്നെയാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ പേരിൽ വെറും താക്കീത് കൊടുക്കുകയല്ലാതെ മറ്റൊരു നടപടിയും എടുക്കേണ്ടതില്ലെന്നാണ് പറയുന്നത്. എന്നാൽ ഞങ്ങളിപ്പോൾ ആവശ്യപ്പെടുന്നത് ഗവൺമെൻറിനു നഷ്ടംവരുത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്നാണ്. അതോടൊപ്പംതന്നെ ഈ നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അതേക്കുറിച്ച് ഒരന്വേഷണം നടത്താനുള്ള ചുമതല കൂടി ഏറ്റെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അക്കാര്യത്തിൽ എന്തുനിലപാടാണ് ഗവൺമെൻറും മന്ത്രിയും എടുക്കുന്നതെന്ന് ഒന്നു വ്യക്തമാക്കിയാൽ തരക്കേടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഈ നഷ്ടം വന്നതായിട്ട് തിട്ടപ്പെടുത്തിയിട്ടില്ല. നഷ്ടം വന്നതായിട്ട് റിപ്പോർട്ടിലും പറഞ്ഞിട്ടില്ല. മറ്റൊന്ന് ഇവിടെ പറഞ്ഞത് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാവുമോയെന്നാണ്. ഇക്കാര്യം ഒരു നിയമസഭാ കമ്മിറ്റിയെകൊണ്ട് അന്വേഷിപ്പിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം അതൊരു ക്ലോസ്ഡ് ചാപ്റ്ററാണ്. വളരെ മുമ്പുതന്നെ അക്കാര്യത്തിൽ തീരുമാനം എടുത്തുകഴിഞ്ഞതാണ്. ഇത് ബന്ധപ്പെട്ട മന്ത്രിസഭ വിശദമായി പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വറൽമുളക് വാങ്ങിയതിന്റെ കാര്യത്തിലും അതുപോലെ ജീരകം വാങ്ങിയതിന്റെ കാര്യത്തിലും താക്കീത് ചെയ്തിട്ടുണ്ട്.

ശ്രീമതി എൻ. കെ. രാധ: സർ, നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അതിന്റെ ആവശ്യമേ ഉണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ. കെ. രാധ: സർ, ജീരകം, വറൽമുളക് എന്നിവ വാങ്ങിയ ഇടപാടിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായിട്ടുള്ളത്. അതിനെ സംബന്ധിച്ച് സമഗ്രമായിട്ടുള്ള ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാവുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, അതിനെ സംബന്ധിച്ച് രണ്ടുതവണ അന്വേഷണം നടത്തിയതാണ്. ശ്രീ. മോഹനചന്ദ്രനും അതുപോലെ ശ്രീ. ഷൺമുഖസുന്ദരവും ഇതേക്കുറിച്ച് അന്വേഷണം നടത്തിയതാണ്. മന്ത്രിസഭ വറൽമുളകിന്റെ കാര്യത്തിൽ ആ നിഗമനങ്ങൾ വിശദമായി പരിശോധിച്ചതിനുശേഷം ഉദ്യോഗസ്ഥൻമാരെ താക്കീത് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, രണ്ട് ഇടപാടിലും ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന് അന്വേഷണ റിപ്പോർട്ടിൽ പറയുന്നതായി മന്ത്രിയുടെ മറുപടിയിൽ തന്നെ സമ്മതിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എ. ജി.-യുടെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; നഷ്ടം കണക്കാക്കിയിട്ടില്ലെന്ന് പറഞ്ഞു. നഷ്ടം കണക്കാക്കിയിട്ടില്ലെങ്കിൽ അത് കണക്കാക്കാത്തതിന്റെ കാരണമെന്താണ്? ഈ സംസ്ഥാനത്തിലെ പാവപ്പെട്ട ജനങ്ങളുടെയൊക്കെ വിയർപ്പൊഴുക്കി അവരുടെ അദ്ധ്വാനത്തിന്റെ ഫലമായ ചില്ലിത്തുട്ട് പൊതുഖജനാവിലേക്ക് വന്നുകഴിഞ്ഞാൽ, അവർക്ക് അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് സ്റ്റോക്കുള്ളപ്പോൾ, അത് വാങ്ങിച്ചതിന്റെ പേരിൽ ദശലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വന്നിരിക്കുന്നുവെന്ന ആക്ഷേപം ഈ നിയമസഭയിൽ വരികയുണ്ടായി. അത് സംബന്ധിച്ച് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് വരുകയും ആദ്യത്തെ അന്വേഷണക്കമ്മീഷൻ അന്വേഷിക്കണ്ടാ എന്നു പറഞ്ഞുകൊണ്ട് സിവിൽസപ്ലൈസ് വകുപ്പ് കമ്മീഷണർ ആൻഡ് സെക്രട്ടറിയെ ഏൽപ്പിച്ചിരുന്ന ആ അന്വേഷണം അദ്ദേഹത്തിൽനിന്ന് മാറ്റി പിന്നീട് അത് ശ്രീ. ഷൺമുഖസുന്ദരത്തെ ഏൽപ്പിക്കുകയും അദ്ദേഹം അതേക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. മോഹനചന്ദ്രൻ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിൽക്കൂടി അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെന്റ് പരിഗണിക്കാതെ ആ അന്വേഷണത്തിന്റെ ചുമതല മറ്റൊരു സെക്രട്ടറിയെ ഏൽപ്പിക്കുകയാണുണ്ടായത്. എന്നിട്ട് അദ്ദേഹം അന്വേഷിച്ച് ദശലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ഉത്തമബോദ്ധ്യം വന്നിട്ടുകൂടി ആ നഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടില്ലെന്ന് പറയുന്നത് ആരെ രക്ഷിക്കാൻ വേണ്ടിയാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഇവിടെ നഷ്ടം കണക്കാക്കിയിട്ടില്ലായെന്നാണ് റിപ്പോർട്ടിൽ പ്രധാനമായിട്ടും പറഞ്ഞിരിക്കുന്നത്. ജീരകത്തിന്റെ കാര്യത്തിൽ അതിന്റെ ആവശ്യകത തിട്ടപ്പെടുത്തുന്നതിൽ തെറ്റുപറ്റിയിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ വറൽമുളകിന്റെ കാര്യത്തിൽ പറയുന്നത് നഷ്ടം വന്നുവെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല എന്നാണ്. വറൽമുളകിന്റെ കാര്യത്തിൽ 350 ടൺ എക്സസ് ആയിരുന്നു അത് വാങ്ങിയ വകയിൽ അതിന്റെ ഡിഫറൻസ് കണക്കാക്കി ഇത്ര സേവിംഗ്സ് ഉണ്ടാക്കാമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അതല്ലാതെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞിട്ടില്ല ആ റിപ്പോർട്ടിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് ഒന്ന് ഇത് ശ്രദ്ധിക്കണം. ഇത് രണ്ടും മന്ത്രി തന്നെയാണ് പറയുന്നത്. ഇവിടെ മൂന്നാമത്തെ ചോദ്യത്തിനു നൽകിയിട്ടുള്ള ഉത്തരത്തിൽ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ലായെന്നാണ് പറയുന്നത്. പിന്നെ എങ്ങനെയാണ് ഈ നഷ്ടം കണക്കാക്കിയെന്ന് പറഞ്ഞത്. ഒരു മിനിറ്റിനുള്ളിൽത്തന്നെ ഓന്തിനു നിറം മാറുന്നതുപോലെ ഉത്തരം മാറി മാറി പറയുകയാണ്. ഇങ്ങനെയൊരു മറുപടിയാണോ ഒരു മന്ത്രി ഉത്തരവാദിത്വത്തോടെ ഈ സഭയിൽ പറയേണ്ടത്? ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ, അദ്ധ്വാനംകൊണ്ട് പൊതുഖജനാവിലേക്ക് വരുന്ന ധനമാണ് ഇവിടെ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥകൊണ്ട് നഷ്ടപ്പെട്ടിരിക്കുന്നത്. എന്നാൽ ഈ നഷ്ടം വരുത്തിയിരിക്കുന്നുവെന്നുള്ള എ. ജി.-യുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ഇവിടെ എ. ജി.-യുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോയെന്ന് ചോദിച്ചതിന് അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ഇവിടെ ഉദ്യോഗസ്ഥൻമാർക്ക് താക്കീത് കൊടുത്തിട്ടുണ്ടെന്നേ പറയുന്നു. ഇവിടെ ക്യാറപ്പാളികളായ ഉദ്യോഗസ്ഥൻമാർക്ക് താക്കീത് കൊടുത്തുവെന്ന് പറയുന്നു, എന്തുത്തരവാദിത്വത്തോടെയാണ് ഒരു മന്ത്രി ഈ സഭയിൽവന്ന് ഞങ്ങൾക്ക് ഉത്തരം നൽകുന്നത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് താക്കീത് കൊടുത്തിട്ടുണ്ടെന്ന്. അവർക്ക് താക്കീത് കൊടുക്കാൻ കാരണം ഈ ഗവൺമെൻറിൻെറ ബന്ധപ്പെട്ട വകുപ്പിൻെറ ചുമതല നിർവ്വഹിക്കുന്നവർ അതിനകത്ത് പങ്ക് പറ്റിയിരിക്കുന്നുവെന്നുള്ളതല്ലേ സ്ഥിരീകരിക്കാൻ കഴിയുന്നതല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. ആ ബന്ധപ്പെട്ട സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെൻറിന് എന്തുകൊണ്ട് കഴിയുന്നില്ല, ഗവൺമെൻറ് എന്തുകൊണ്ട് അത് ഭയക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഈ മന്ത്രിസഭ ഇത് വിശദമായി പരിശോധിച്ചതാണ്. ഇതൊരു വ്യാപാര സ്ഥാപനമാണ്. ഈ വ്യാപാര സ്ഥാപനം സാധാരണയായി പലപ്പോഴും പല കാൽക്കുലേഷൻസും നടത്തും. ആ കാൽക്കുലേഷൻസ് പൂർണ്ണമായി ശരിയായി വരണമെന്നില്ല. ജീരകത്തിൻെറ ആവശ്യകത കണക്കിലെടുക്കുമ്പോഴും കണക്കുകൂട്ടുന്ന കാര്യത്തിൽ അപാകതകളുണ്ടായിട്ടുണ്ട്, തെറ്റുപറ്റിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. ഒരു വ്യാപാര സ്ഥാപനത്തിൽ സാധനങ്ങൾ വിൽക്കുന്നതിൻെറ അളവ് നിജപ്പെടുത്തുമ്പോഴും സ്വാഭാവികമായും ചില പിശകുകളും വന്നേക്കും.

ശ്രീ. ഇ. ശങ്കരൻ: 1991-92 വർഷക്കാലയളവിൽ കൊച്ചി പരസ്യ വിപണിയിൽ നാലായിരം രൂപ മുതൽ 4,525 രൂപ വരെ വിലയുണ്ടായിരുന്ന അവസരത്തിൽ 4,887 രൂപ മുതൽ 5,376 രൂപ വരെ വില നിശ്ചയിച്ച് 7,500 കാൻറൽ വറൽമുളക് വാങ്ങിയതിൽ ഒരു കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും അത് അന്വേഷിച്ച ഉദ്യോഗസ്ഥൻ വിലയിരുത്തിയിട്ടുണ്ട്. ഒരുകോടി രൂപയുടെ വെട്ടിപ്പ് നടത്തിയ ഈ ആളുകളുടെ കാര്യത്തിൽ ഒന്നും ചെയ്യേണ്ടതില്ല, ശക്തിയായ താക്കീത് കൊടുത്താൽ മതിയെന്ന് പറയുന്നത് ഉത്തരവാദിത്തരഹിതമാണ്, ജനങ്ങളെ പറ്റിക്കലാണ്, പൊതുമുതൽ നശിപ്പിക്കലാണ്. ഇതിനെക്കുറിച്ച് വ്യക്തമായ ഒരന്വേഷണം നടത്തി ഈ ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശക്തമായ നടപടികളെടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഞാൻ നേരത്തെ പറഞ്ഞു, ഇതൊരു വ്യാപാര സ്ഥാപനമാണ്. സ്വാഭാവികമായും അതിലെ കണക്കു കൂട്ടലുകളും ശരിയായിയെന്ന് വരികയില്ല.

ശ്രീ. ടി. ശിവദാസമേനോൻ: സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു വ്യാപാര സ്ഥാപനമാണെന്ന് പറയുന്നത് ശരിയാണോ? Is it a Commercial Institution? Civil Supplies Corporation is a Public Undertaking. ആ പൊതുമേഖലാ സ്ഥാപനം ഈ രാജ്യത്ത് വ്യാപാരം നടത്താനല്ല. ചിലപ്പോൾ നഷ്ടം സഹിച്ച് കൊടുക്കേണ്ടി വരും. അതുകൊണ്ട് വ്യാപാരസ്ഥാപനമാണെന്നുള്ള കൺസെപ്റ്റ് ശരിയല്ല. Is Civil Supplies Corporation a trading institution? ആ സങ്കൽപ്പമാണെങ്കിൽ അത് തെറ്റാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അവിടെ നടക്കുന്നത് വ്യാപാരമാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ പറയുന്നത് ശരിയാണ്. കാരണം സബ്സിഡൈസ് ചെയ്തുകൊടുക്കുന്നതാണ്. സബ്സിഡൈസ് ചെയ്തുകൊടുക്കുമ്പോൾ നഷ്ടത്തിൽത്തന്നെയാണ് കൊടുക്കുന്നത്. സ്വാഭാവികമായും ഒരു വ്യാപാരസ്ഥാപനം സാധനങ്ങൾ വാങ്ങുമ്പോൾ അതിന്റെ കണക്കുകൂട്ടൽ 100 ശതമാനവും ശരിയായിയെന്ന് വരികയില്ല. ഡിസംബറിൽ മുളക് വാങ്ങുമ്പോൾ അതിന്റെ സെയിൽസ് ഏറെക്കുറെ കണക്കാക്കി വാങ്ങി. അതിന്റെ നടപടിക്രമങ്ങളിൽ യാതൊരു തെറ്റും ഉണ്ടായിട്ടില്ലെന്ന് പറഞ്ഞിട്ടുണ്ട്. 350 ടൺ എക്സസാണ് വാങ്ങിയിരിക്കുന്നതെന്നും ആ 350 ടൺ എക്സസ് വാങ്ങിയതുകൊണ്ട് 43.4 ലക്ഷം രൂപ സെയിൽസ് ഡീഡ് - ഉണ്ടാക്കാമായിരുന്നുവെന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. അതിൽ നഷ്ടത്തിന്റെയോ ലാഭത്തിന്റെയോ കാര്യം പറഞ്ഞിട്ടില്ല.

ശ്രീ. ഇ. ശങ്കരൻ: പൊതുമാർക്കറ്റിൽ 4,000 രൂപ വിലയുണ്ടായിരുന്ന സമയത്താണ് 5,376 രൂപയ്ക്ക് എടുത്തിട്ടുള്ളത്. എന്തുകൊണ്ട് അത് സംഭവിച്ചു; പൊതു മാർക്കറ്റിലെ വിലയേക്കാൾ "കൂടുതൽ സംഖ്യയ്ക്ക് മുളക് എടുത്തത് എന്തുകൊണ്ടാണ്; അപ്പോൾ നഷ്ടമല്ലേ; അതിന് എന്താണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാത്തത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: പൊതുമാർക്കറ്റിലെ വിലയേക്കാൾ കൂടുതൽ വിലകൊടുത്തു വാങ്ങിയെന്നല്ല ആരോപണം. 750 മെട്രിക് ടൺ മുളക് വാങ്ങി, അത് ഡിസംബർ മാസത്തിലാണ് വാങ്ങിയത്, ക്രോപ്പ് സീസണിൽ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വാങ്ങിയിരുന്നുവെങ്കിൽ കുറച്ചുകൂടി വില കുറച്ച് കിട്ടുമായിരുന്നു എന്നാണ് ആരോപണം. ആ ആരോപണം വന്നിരിക്കുന്നത് എക്സസായിട്ട് വാങ്ങിയെന്നാണ്. അതായത് 750 മെട്രിക് ടൺ വാങ്ങി, അതായും ആവശ്യമുണ്ടായിരുന്നില്ല, നേരെമറിച്ച് ക്രോപ്പ് സീസണിൽ, ജനുവരിയിലോ ഫെബ്രുവരിയിലോ ഈ മുളക് വാങ്ങിയിരുന്നുവെങ്കിൽ കൂടുതൽ ലാഭം കമ്പനിക്ക് ഉണ്ടാകുമായിരുന്നുവെന്നാണ് പറഞ്ഞത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഈ പ്രശ്നത്തിൽ** ഉദ്യോഗസ്ഥൻമാരും തെറ്റു ചെയ്തിട്ടുണ്ട്. അഴിമതി നടന്നിട്ടുണ്ടെന്ന് അങ്ങയുടെ ഉത്തരം കൊണ്ടുതന്നെ വ്യക്തമാണ്. ആവശ്യമില്ലാതിരുന്ന

** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ വാങ്ങിയെന്നുള്ളത് ആദ്യംതന്നെ അദ്ദേഹം ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. സ്പെയർ പാർട്ട്സ് ഉള്ളപ്പോൾ കമ്മീഷനുവേണ്ടി കെ.എസ്.ആർ.ടി.സി.-യിൽ ആവശ്യമില്ലാതെ കൂടുതൽ സ്പെയർ പാർട്സ് ഓർഡർ ചെയ്യുക എന്നതുപോലെതന്നെ വാറൽ മുളകും ജീരകവും സ്റ്റോറിൽ ഉള്ളപ്പോൾത്തന്നെ അമിതമായ വിലയ്ക്ക് ഓർഡർ ചെയ്തു. അതിന്റെ ഉദ്ദേശമെന്താണ്? അത് കണ്ടുപിടിച്ച് കുറ്റം തെളിഞ്ഞിട്ടും, കോടിയോളം രൂപ നഷ്ടമുണ്ടാക്കിയിട്ടും താക്കീത് നൽകിയെന്നാണ് പറയുന്നത്. അതിന്റെ അർത്ഥം, അന്നത്തെ ഇടപാട് നടത്തിയിട്ടുള്ള** ഈ കാര്യത്തിൽ പങ്കുള്ളതുകൊണ്ട് കൂടുതൽ ശിക്ഷ നൽകിയാൽ പിടിക്കപ്പെടുന്നത്** ഇങ്ങനെയൊരു താക്കീതിൽ ഒതുക്കിയത്. അങ്ങനെ പ്രതികളും ഉദ്യോഗസ്ഥൻമാരും** ആയിരിക്കുന്ന സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ തന്നെ നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇവരെ രണ്ടുകൂട്ടരേയും ഒഴിച്ചുനിർത്തി കുറച്ചുകൂടി ഗൗരവമായ ഒരു അന്വേഷണം ഈ കാര്യത്തിൽ ആവശ്യമായി വരുന്നു. ആ നിലയിലുള്ള ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

മി. സ്പീക്കർ: ചോദ്യത്തിൽ മന്ത്രിയെപ്പറ്റിയുള്ള ദുഃസൂചനകളൊ ശരിയല്ല. അത് രേഖയിൽ കാണുകയില്ല. കാരണം, അത് ചോദ്യത്തിൽ ചോദിക്കാൻ പാടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പ്രത്യേക സ്ഥാപനമാണ്. അതുകൊണ്ട് മന്ത്രി ഡയറക്ടർ ബോർഡ് അതിൽ ഇൻവോൾവ്ഡ് അല്ല. അപ്പോൾ മന്ത്രിയെപ്പറ്റി ഇവിടെ പറയുന്നത് ശരിയല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു വ്യാപാര സ്ഥാപനമാണെന്നാണ് നമ്മുടെ ഇപ്പോഴത്തെ മന്ത്രി പറയുന്നത്. അത് തെറ്റാണ്. കാരണം, ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വില കുറച്ച് കൊടുക്കാൻവേണ്ടി ഗവൺമെന്റ്തന്നെ സബ്സിഡൈസ് ചെയ്ത് സാധനങ്ങൾ വിൽക്കുന്ന സ്ഥാപനമാണ് അത്. അങ്ങനെയുള്ള ഒരു സ്ഥാപനത്തെ വ്യാപാര സ്ഥാപനമാണ്, നഷ്ടം വരാം എന്നൊക്കെ പറഞ്ഞ് കുറ്റം ലഘൂകരിച്ച് കാണുക എന്നുള്ള നിലപാട് നമ്മുടെ മന്ത്രി സ്വീകരിച്ചിരിക്കുന്നതുകൊണ്ടാണ് സംശയം ഉയർന്നുവരുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മന്ത്രി ഇതിൽ യാതൊരു തരത്തിലും ഉത്തരവാദിയല്ല.

ശ്രീ. ടി. ശിവദാസമേനോൻ: മന്ത്രി ഇതിന് ഉത്തരവാദിയല്ലെങ്കിൽ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആട്ടോണമസാണെങ്കിൽ അതു സംബന്ധിച്ചുള്ള ഒരു പ്രശ്നം വന്നാൽ അസംബ്ലിയിലൂടെ ബഹുമാനപ്പെട്ട മന്ത്രി അതിനു മറുപടി പറയണം. ജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഈ സഭയ്ക്ക് ഈ അസംബ്ലിയോടാണ്. അല്ലെങ്കിൽ ഈ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് മറുപടി പറയുന്നത്, ഞങ്ങൾ ഉത്തരവാദിയല്ലായെന്ന് പറഞ്ഞാൽ പോരെ. മന്ത്രിയുടെ ജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി അസംബ്ലിയിൽക്കൂടെയാണ്. അതുകൊണ്ടല്ലേ ചോദ്യം അനുവദിച്ചതും മന്ത്രി മറുപടി പറയുന്നതും.

** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

You are constitutionally responsible to the house. Otherwise why should this question come? സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കെ.എസ്.ഇ. ബോർഡിനെയും സംബന്ധിച്ച് ചോദിക്കുകയേ വേണ്ടെന്ന് പറഞ്ഞുകൂടാ. Kerala State Electricity Board is a product of the Act of Parliament. ചോദിക്കാൻ പാടില്ല. What is this? അത് ശരിയല്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മന്ത്രിക്ക് ഇതിൽ ഡയറക്ടർ ഇൻവോൾവ്മെന്റ് ഇല്ലെന്നാണ് ഞാൻ പറയുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു ആട്ടോണമസ് സ്ഥാപനമാണ്. പർച്ചേസിന്റെ നടപടിക്രമങ്ങളിൽ യാതൊരു തെറ്റുമുണ്ടായിട്ടില്ലെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. കമ്മീഷന്റെ നിഗമനങ്ങളിൽ ജീരകത്തിന്റെ വിൽപ്പനയുടെ അളവ് കണക്കാക്കുന്നതിൽ തെറ്റുപറ്റിയിട്ടുണ്ടെന്നാണ് പറയുന്നത്. ഒരു വ്യാപാര സ്ഥാപനമാണ്, സ്വാഭാവികമായും ചിലപ്പോൾ തെറ്റുപറ്റും. അതിന്റെ അടിസ്ഥാനത്തിൽ സിവിയറായിട്ട് വാണിംഗ് കൊടുത്തിട്ടുണ്ട്. ഇത് ഈ ഗവൺമെന്റുതന്നെ എടുത്ത തീരുമാനമാണ്. ജീരകം വാങ്ങിയതിനെ സംബന്ധിച്ച് മന്ത്രിസഭായോഗത്തിൽത്തന്നെ വിശദമായി ചർച്ചചെയ്തത് ആ മന്ത്രിസഭായോഗം തീരുമാനിച്ചു, ഇവരെ സിവിയറായിട്ട് വാൺ ചെയ്യാമെന്ന്. അതിനപ്പുറമുള്ള നടപടിക്രമത്തിന്റെ ആവശ്യമുണ്ടെന്നേ തോന്നുന്നില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മന്ത്രിസഭ ഇതിനെക്കുറിച്ച് വിശദമായി പരിശോധിച്ച് താക്കീതു കൊടുത്താൽ മതിയെന്നു തീരുമാനിച്ചുവെന്നാണ്. അപ്പോൾ മന്ത്രിസഭയാണ് ഏറ്റവും പ്രധാനപ്പെട്ട കുറ്റം ചെയ്തത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുറ്റം ഒന്നും നടന്നിട്ടില്ല. ഒരു കണക്ക് പിശക് മാത്രമേയുള്ളു എന്നു പറഞ്ഞു. എന്നിട്ട് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് ഒഴിവാക്കാമായിരുന്ന നാലരലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന്. അതിനർത്ഥം ഗുരുതരമായ കുറ്റമുണ്ടായി എന്നാണ്. ആ കുറ്റത്തിന് താക്കീതാണോ കൊടുക്കുന്നത് അങ്ങനെയാണെങ്കിൽ എനിക്ക് അതിനെപ്പറ്റി പറയാനുള്ളത് അദ്ദേഹമല്ല ബഹുമാനപ്പെട്ട മന്ത്രിയാണ് ഇതിന് ഉത്തരം പറയേണ്ടത് എന്നാണ്. ഇതിനെക്കുറിച്ച് ആലോചിച്ചിട്ട് ഒഴിവാക്കാമായിരുന്ന നാലര ലക്ഷം രൂപയുടെ നഷ്ടം വന്നിട്ട് കേവലം ഒരു താക്കീത് കൊടുത്താൽ മതിയെന്ന് ക്യാബിനറ്റ് തീരുമാനിച്ചു എന്നു പറഞ്ഞു. നാലര ലക്ഷം രൂപയല്ല അതിനേക്കാൾ എത്രയോ ലക്ഷം രൂപയുടെ നഷ്ടം മുളകിനേറയും ജീരകത്തിനേറയും ബിസിനസ്സിൽ നടന്നുവെന്നും വലിയ അഴിമതി നടന്നുവെന്നുമാണ് പൊതുവായി വിശ്വസിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തുകയും കുറ്റവാളികൾ എവിടംവരെയുണ്ടോ അവിടം വരെയുള്ളവർക്ക് അർഹമായ ശിക്ഷ കൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നഷ്ടം വന്നിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. 43·4 ലക്ഷം രൂപയുടെ സേവിംഗ്സ് ഉണ്ടാക്കാമായിരുന്നു. 350 ടൺ കൂടുതൽ വാങ്ങിയത് ഒഴിവാക്കിക്കൊണ്ട് നാനൂറ് ടണ്ണിൽ തുക്കിനിറുത്തിയിരുന്നുവെങ്കിൽ 43·4 ലക്ഷം രൂപയുടെ സേവിംഗ്സ് ഉണ്ടാകുമായിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ചില കാൽക്കുലേഷൻസ് പൂർണ്ണമായി എപ്പോഴും ശരിയായി എന്നു വരില്ല. പ്രതീക്ഷകൾക്കനുസരിച്ച് ചിലപ്പോൾ കൂടുതൽ സാധനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയെന്നുവരും. അത് നമുക്ക് വിശദമായി ചർച്ച ചെയ്തതിനു ശേഷം മറ്റു നടപടികൾ സ്വീകരിക്കാം എന്നാണ് തീരുമാനിച്ചത്. അത് പുനഃപരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

II. തിരുത്ത്

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഒരു തിരുത്താണ്. 14-7-1992-ലെ നക്ഷത്രചിഹ്നമിടാത്ത 3117-ാം നമ്പർ ഉത്തരത്തിൽ പിശക് കടന്നു കൂടിയതായി കാണുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, അനസ്തിസ്റ്റ് ഇവരുടെ സേവനം ലഭ്യമല്ലാത്ത ആശുപത്രികൾ

*3 [72] ശ്രീ. എൻ. രാജൻ:
,, വി. വി. രാഘവൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്):

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൈനോക്കോളജിസ്റ്റുകളുടേയും പീഡിയാട്രീഷ്യൻമാരുടേയും സേവനം ലഭ്യമല്ലാത്ത എത്ര ജില്ലാ ആശുപത്രികളും താലൂക്കാശുപത്രികളും സംസ്ഥാനത്തുണ്ട്;

(ബി) അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ആശുപത്രികളിൽ ഇത്തരം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഓപ്പറേഷൻ തിയേറ്റർ സൗകര്യമുള്ള ഏതെല്ലാം ആശുപത്രികളിൽ അനസ്തിസ്റ്റുമാരുടെ സേവനം ഇപ്പോഴും ലഭിക്കുന്നില്ലെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സൗകര്യം ഇല്ലാത്ത ആശുപത്രികളിൽ അനസ്തിസ്റ്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ):

(എ, ബി) ഇടുക്കി ജില്ലാ ആശുപത്രി ഒഴികെ ബാക്കി എല്ലാ ജില്ലാ ആശുപത്രികളിലും ഗൈനക്കോളജിസ്റ്റിന്റേയും, പീഡിയാട്രീഷ്യന്റേയും സേവനം ലഭ്യമാണ്. പീരുമേട്, പൊന്നാനി, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കാശുപത്രികളിലും ചവറ സി.എഫ്.സി.-യിലും ഗൈനക്കോളജിസ്റ്റ് ഇല്ല.

(സി) ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly